**കേരള സർക്കാർ**
**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**
**ഏഴാം നില, കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ കോംപ്ലക്സ്**
**തമ്പാനൂർ, തിരുവനന്തപുരം-695001**
**E-mail: ceekinfo.cee@kerala.gov.in**
**Telephone: 0471 - 2525300**

## വിജ്ഞാപനം

## ബി.ഫാം (ലാറ്ററൽ എൻട്രി) കോഴ്സിലേയ്ക്കുള്ള പ്രവേശനം - 2024 രണ്ടാംഘട്ട കേന്ദ്രീകൃത അലോട്ട്മെന്റ് ഓൺലൈൻ ഓപ്ഷൻ കൺഫർമേഷനുള്ള സൗകര്യം ലഭ്യമാക്കി

സംസ്ഥാനത്തെ സർക്കാർ ഫാർമസി കോളേജുകളിലും സ്വകാര്യ സ്വാശ്രയ ഫാർമസി കോളേജുകളിലും 2024-25 വർഷത്തെ ബി.ഫാം (LE) കോഴ്സിലേക്കുള്ള പ്രവേശനത്തിനുള്ള രണ്ടാംഘട്ട കേന്ദ്രീകൃത അലോട്ട്മെൻറ് നടപടികൾ ആരംഭിച്ചു.

സാധുവായ ഓപ്ഷനുകളുള്ളവരും രണ്ടാമത്തെ അലോട്ട്മെന്റിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവരും അവരുടെ ഹോം പേജിൽ ലോഗിൻ ചെയ്ത് **'Option Registration'** എന്ന മെനുവിൽ **'Confirm'** ബട്ടൺ ക്ലിക്ക് ചെയ്യേണ്ടതാണ്. **'Online Option Confirmation'** നെ തുടർന്ന് അപേക്ഷകർക്ക് ഹയർ ഓപ്ഷൻ പുനഃക്രമീകരിക്കാവുന്നതും ആവശ്യമില്ലാത്തവ റദ്ദാക്കാവുന്നതുമാണ്. വിദ്യാർത്ഥികൾ അവരുടെ ഹോം പേജിൽ ലഭ്യമായ **'Confirm'** ബട്ടണിൽ ക്ലിക്കുചെയ്ത് ഹയർ ഓപ്ഷനുകൾ സ്ഥിരീകരിക്കാത്തപക്ഷം, അവരുടെ ഹയർ ഓപ്ഷനുകൾ രണ്ടാംഘട്ടത്തിൽ ലഭ്യമാകില്ല. എന്നിരുന്നാലും, നിലവിലുള്ള അലോട്ട്മെന്റ് നിലനിർത്തുന്നതാണ്.

ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നടത്തുന്നതിനും ഹയർ ഓപ്ഷൻ പുനഃക്രമീകരിക്കുന്നതിനും ആവശ്യമില്ലാത്തവ റദ്ദാക്കുന്നതിനും **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ **25.01.2025 മുതൽ 28.01.2025, 5.00 PM** വരെ സൗകര്യമുണ്ടായിരിക്കുന്നതാണ്. **നിശ്ചിത സമയത്തിനുള്ളിൽ ഓൺലൈനായി ഓപ്ഷനുകൾ സ്ഥിരീകരിക്കാത്തവരെ രണ്ടാംഘട്ട അലോട്ട്മെന്റിലേക്ക് പരിഗണിക്കുന്നതല്ല.**

## താത്ക്കാലിക അലോട്ട്മെന്റ് ഷെഡ്യൂൾ

| | |
|---|---|
| **25.01.2025** | **ഓപ്ഷൻ സ്ഥിരീകരണത്തിനായി വെബ്സൈറ്റ് തുറക്കുന്നു** |

| | |
|---|---|
| **28.01.2025, 5.00 PM** | ഓപ്ഷൻ സ്ഥിരീകരണം അവസാനിക്കുന്നു |
| **29.01.2025** | താത്ക്കാലിക അലോട്ട്മെന്റ് |
| **30.01.2025** | അന്തിമ അലോട്ട്മെന്റ് |
| **31.01.2025 to 03.02.2025, 4.00 PM** | അലോട്ട്മെന്റ് മേമ്മോയിൽ രേഖപ്പെടുത്തിയിട്ടുള്ള ഫീസ്/ ബാക്കി തുക (ബാധകമെങ്കിൽ) ഒടുക്കി അലോട്ട്മെന്റ് ലഭിക്കുന്ന കോളേജുകളിൽ പ്രവേശനം നേടാനുള്ള സമയം. |
| **03.02.2025, 5.00 PM** | പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ വിവരങ്ങൾ OAMS മുഖേന കോളേജ് അധികൃതർ അപ്ഡേറ്റ് ചെയ്യാനുള്ള സമയം. |

**<u>ഫീസ്</u>**

| കോളേജ് | ഫീസ് |
|---|---|
| സർക്കാർ ഫാർമസി കോളേജുകൾ | വാർഷിക ട്യൂഷൻ ഫീ-17,370/- |
| സ്വകാര്യ സ്വാശ്രയ ഫാർമസി കോളേജുകൾ | വാർഷിക ട്യൂഷൻ ഫീ-98,000/- |

സ്വാശ്രയ ഫാർമസി കോളേജുകളിലെ വാർഷിക ട്യൂഷൻ ഫീസ് താൽക്കാലികമാണ്. അത് സർക്കാരിന്റെ അന്തിമ തീരുമാനത്തിന് വിധേയമായിരിക്കും. വാർഷിക ട്യൂഷൻ ഫീസ്, മറ്റ് ഫീസ്, ഡിപ്പോസിറ്റ് (ബാധകമെങ്കിൽ) എന്നിവ പ്രവേശന സമയത്ത് അലോട്ട്മെന്റ് ലഭിച്ച കോളേജുകളിൽ അടയ്ക്കണം. SC/ST/OEC/മത്സ്യത്തൊഴിലാളികളുടെ കുട്ടികൾ/ശ്രീ ചിത്ര ഹോം, നിർഭയ ഹോം, ജുവനൈൽ ഹോം എന്നിവിടങ്ങളിലെ അന്തേവാസികൾ എന്നിവരെ ഫീസ് അടയ്ക്കുന്നതിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ പ്രവേശന സമയത്ത് പ്രോസ്പെക്ടസിലെ ക്ലോസ് 4 അനുസരിച്ച് പ്രവേശനത്തിനുള്ള യോഗ്യത നേടിയിരിക്കണം.

അലോട്ട്മെന്റ് ലഭിച്ചാൽ പ്രവേശനം നേടും എന്ന് ഉറപ്പുള്ള കോളേജുകൾ മാത്രമേ ഓപ്ഷനിൽ നിലനിർത്താൻ പാടുള്ളു. അലോട്ട്മെന്റ് പ്രക്രിയയുമായി ബന്ധപ്പെട്ട എല്ലാ വിശദാംശങ്ങളും ബി.ഫാം (LE) 2024 പ്രോസ്പെക്ടസും **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

**ഹെൽപ് ലൈൻ നമ്പർ : 0471 2525300**

Signed by
Sudhir K
Date: 25-01-2025 14:39:27

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
**25-01-2025**